I ഇ.ബി. XIV - കേരള നിയമസഭ /IV-12

# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മാർച്ച് 13, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

# I അടിയന്തരപ്രമേയം

## മിഷേൽ ഷാജിയുടെ ദുരൂഹ മരണം

മി. സ്പീക്കർ: എറണാകുളം ജില്ലയിൽ പിറവം പെരിയപ്പുറം എണ്ണക്കാപ്പിള്ളിൽ ഷാജി വർഗ്ഗീസിന്റെ മകൾ 18 വയസ്സുള്ള മിഷേൽ ഷാജിയുടെ മൃതദേഹം ദുരൂഹ സാഹചര്യത്തിൽ എറണാകുളം വാർഫിന് സമീപം കായലിൽ കാണപ്പെട്ട് ഒരാഴ്ച പിന്നിട്ടിട്ടും പോലീസിന്റെ ഭാഗത്തുനിന്നും യാതൊരു അന്വേഷണ പുരോഗതിയും ഉണ്ടായിട്ടില്ലെന്നും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അടിയ്ക്കടിയുണ്ടാകുന്ന ഇത്തരം അതിക്രമങ്ങൾക്കും കൊലപാതകങ്ങൾക്കുമെതിരെ യഥാസമയം നടപടികൾ സ്വീകരിക്കാനോ കുറ്റവാളികളെ കണ്ടെത്താനോ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന കുറ്റകരമായ അനാസ്ഥകൊണ്ട് കഴിയുന്നില്ല എന്നതുമൂലം ഉണ്ടായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, അൻവർ സാദത്ത്, പി. ഉബൈദുള്ള എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം പിറവം ഇലഞ്ഞി

പെരിയപ്പുറം എണ്ണക്കാപ്പിള്ളിൽ വീട്ടിൽ ഷാജി വർഗ്ഗീസിന്റെ മകളും സി.എ. വിദ്യാർത്ഥിനിയുമായിരുന്ന 18 വയസ്സുള്ള മിഷേൽ ഷാജിയെ 2017 മാർച്ച് 5-ാം തീയതി വൈകുന്നേരം 7.15-നുശേഷം കാണാനില്ലെന്ന് 06-ാം തീയതി രാവിലെ 10 മണിയോടെ പിതാവ് സ്റ്റേഷനിലെത്തി പരാതി നൽകുകയും സെൻട്രൽ പോലീസ് സ്റ്റേഷനിൽനിന്നും ഒരു സി.പി.ഒ.-യെ പരാതിക്കാരോടൊപ്പം അയച്ച് പെൺകുട്ടി പോയതായി പറയപ്പെടുന്ന സ്ഥലങ്ങളിൽ അന്വേഷിച്ചുവെങ്കിലും യാതൊരു വിവരവും ലഭിച്ചില്ല. മിഷേൽ ഷാജിയുടെ മൃതദേഹം 06-03-2017-ന് വൈകിട്ട് 5.30 ഓടെ എറണാകുളം ഹാർബർ പോലീസ് സ്റ്റേഷൻ പരിധിയിലെ വാർഫ് ജെട്ടി ഭാഗത്ത് കാണപ്പെടുകയും വിവിധ വകുപ്പുകൾ പ്രകാരം ഇൻക്വസ്റ്റ് തയ്യാറാക്കി പോസ്റ്റ്മോർട്ടം നടത്തിയതിനുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയും ചെയ്തു. മുങ്ങിമരണമെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറയുന്നത്. മരിച്ച പെൺകുട്ടിയുടെ ഫോൺകോൾ ഡീറ്റെയിൽസ് പരിശോധിച്ചും ബന്ധുക്കളേയും അടുത്തറിയാവുന്നവരേയും ചോദ്യം ചെയ്തും ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചും അന്വേഷണം നടത്തിവരുന്നു. ഈ കേസിന്റെ ഗൗരവം കണക്കിലെടുത്ത് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതാണ്. ഈ

വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. അനൂപ് ജേക്കബ്: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഓരോ മരണത്തിന്റേയും പിന്നിലുള്ള ദുരൂഹതകൾ നീക്കാൻ പോലീസിന് സാധിക്കാത്തതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത്. വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് പോലീസിന്റെ ഭാഗത്തുനിന്നും മുഖ്യമന്ത്രിക്ക് ലഭിച്ചിരിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ശക്തമായി തടയുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അത് പ്രായോഗിക തലത്തിൽ നടപ്പാകുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും യാതൊരു സുരക്ഷിതത്വവും കേരളത്തിലില്ല. എറണാകുളത്ത് ഹോസ്റ്റലിൽനിന്ന് സി.എ.-ക്ക് പഠിച്ചിരുന്ന പിറവം സ്വദേശിനിയായ മിഷേൽ ഷാജിയെ കാണാതാകുന്നത് 5.03.2017 വൈകുന്നേരം 6.30-ന് ശേഷമാണ്. രാത്രി 8 മണിക്ക് ശേഷം കുട്ടിയെ കാണാനില്ലെന്ന് ഹോസ്റ്റൽ അധികൃതരും മാതാപിതാക്കളും സെൻട്രൽ സ്റ്റേഷനിൽ 9 മണി കഴിഞ്ഞപ്പോൾ പരാതി നൽകിയെങ്കിലും എസ്.ഐ. സ്ഥലത്തില്ലാത്തതിനാൽ പരാതി സ്വീകരിക്കാൻ നിർവ്വാഹമില്ലെന്ന് പോലീസ് അറിയിക്കുകയും 6-ാം തീയതി കേസ് രജിസ്റ്റർ

ചെയ്യുകയും ചെയ്തു. അന്നേ ദിവസം വൈകുന്നേരം കൊച്ചി കായലിൽനിന്നും കുട്ടിയുടെ മൃതദേഹം കണ്ടെത്തുകയുണ്ടായി. രാത്രി 9 മണിക്ക് കുട്ടിയെ കാണാനില്ലെന്ന് പറഞ്ഞ് കൊടുത്ത പരാതി എഫ്.ഐ.ആർ.-ൽ രേഖപ്പെടുത്തിയിട്ടില്ല. പോസ്റ്റ്മോർട്ടം കഴിഞ്ഞ് രണ്ട് ദിവസത്തിനുള്ളിൽ റിപ്പോർട്ട് കൊടുത്തുവെങ്കിലും പോലീസ് അത് കൈപ്പറ്റുന്നത് ഇന്നലെയാണ്. ഈ കേസ് ആത്മഹത്യയായി എഴുതിത്തള്ളാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. 6-03-2017-ന് കലൂർ പള്ളിയിൽ നിന്നും കുട്ടി ഇറങ്ങിവരുന്നതും ബൈക്കിൽ വന്ന രണ്ട് പേർ കുട്ടിയെ നിരീക്ഷിക്കുന്നതും നടന്നുപോയ വശത്തേയ്ക്ക് ബൈക്ക് ഓടിച്ചുപോകുന്നതും സി.സി.ടി.വി. ദൃശ്യങ്ങളിലുണ്ടെങ്കിലും ഇക്കാര്യം പോലീസ് അന്വേഷിച്ചില്ല. മൃതശരീരത്തിന് 24 മണിക്കൂർ പഴക്കമില്ലെന്നും ഗോശ്രീ പാലത്തിൽ വൈകുന്നേരം ഒരു കുട്ടിയെ കണ്ടുവെന്നും പാലത്തിൽനിന്ന് ചാടിയാലും മൃതദേഹം അവിടെ ഒഴുകിയെത്താൻ സാധ്യതയില്ലെന്നുമാണ് മത്സ്യത്തൊഴിലാളികൾ പറയുന്നത്. ഈ മരണത്തിൽ ദുരൂഹതയുണ്ട്. ഇതൊന്നും മുഖവിലയ്ക്കെടുക്കാൻ പോലീസ് തയ്യാറാകുന്നില്ല. നിരീക്ഷണ ക്യാമറകൾ നോക്കുകുത്തിയായി നിൽക്കുകയാണ്. കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും കേസന്വേഷണം ക്രൈംബ്രാഞ്ചിന്

കൈമാറുന്നതിനും പകരം ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിക്കുന്നതിനും സെൻട്രൽ സ്റ്റേഷനിൽ നിരുത്തരവാദപരമായി പെരുമാറിയ പോലിസുകാർക്കെതിരെ നടപടിയെടുക്കാനും തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): മാർച്ച് 6-ാം തീയതി മിഷേൽ ഷാജിയെ കാണാതായെന്ന പരാതി ലഭിച്ചയുടൻ ഒരു സി.പി.ഒ.-യെ പരാതിക്കാരോടൊപ്പം അയച്ച് കുട്ടി പോകാനിടയുള്ള എല്ലാ സ്ഥലങ്ങളിലും അന്വേഷിക്കുകയും സൈബർ സെല്ലിൽനിന്ന് ഫോൺ ഡീറ്റെയ്ൽസ് എടുത്ത് വയർലെസ് മെസേജ് നൽകുകയും ചെയ്തുവെന്നാണ് പോലീസിൽനിന്ന് കിട്ടിയ റിപ്പോർട്ട്. 18 വയസ്സുള്ള പെൺകുട്ടിയെ മരിച്ച നിലയിൽ കാണാനിടയായതിന്റെ കാരണം വിശദമായ അന്വേഷണത്തിലൂടെ മാത്രമേ വ്യക്തമാകുകയുള്ളൂ. എന്നാൽ 5-ാം തീയതി രാത്രി ഒമ്പത് മണി കഴിഞ്ഞപ്പോൾ ബന്ധുക്കൾ സ്റ്റേഷനിലെത്തി പരാതിപ്പെട്ടുവെന്ന് പറയുന്ന കാര്യങ്ങളടക്കം ക്രൈംബ്രാഞ്ചിന്റെ പ്രത്യേക സംഘത്തെ നിയോഗിച്ച് അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പോലിസിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളായവർക്കെതിരെ

കർശന നടപടി സ്വീകരിക്കും. ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ കെ.സി. ജോസഫ്, പി.ജെ. ജോസഫ്, ഡോ. എം.കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) <u>കായിക മേഖലയുടെ വികസനം</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സ്പോർട്സ് സ്കൂളുകളെ സംസ്ഥാന കായിക വകുപ്പ് ഏറ്റെടുത്ത നടപടി സ്വാഗതാർഹമാണ്. കായിക മേഖലയ്ക്ക് സമഗ്ര സംഭാവന നൽകുന്നതിൽ മുഖ്യ പങ്കുവഹിക്കുന്ന ജി.വി. രാജാ സ്പോർട്സ് സ്കൂളിന്റെയും കണ്ണൂർ സ്പോർട്സ് ഡിവിഷന്റെയും സ്ഥിതി മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം.

വിവിധ കായികയിനങ്ങളിൽ 190-ഓളം വിദ്യാർത്ഥിനികൾ പരിശീലനം നടത്തുന്ന സ്പോർട്സ് ഡിവിഷനിൽ ആധുനിക പരിശീലന സൗകര്യങ്ങളൊരുക്കുന്നതിനും അതാത് കായിക ഇനങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ കോച്ചുകളെ നിയമിക്കുന്നതിനും മത്സരാർത്ഥികൾക്ക് അനുയോജ്യമായ താമസ സൗകര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കണം. നിരവധി ദേശീയ-അന്തർദ്ദേശീയ സ്പോർട്സ് താരങ്ങളെ കേരളത്തിന് സംഭാവന ചെയ്തിട്ടുള്ള ജി. വി. രാജാ സ്പോർട്സ് സ്കൂളിൽ സ്ഥല ലഭ്യതയ്ക്കനുസൃതമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള സിന്തറ്റിക് ട്രാക്ക് പണിയാനും ആധുനിക സൗകര്യങ്ങളോടുകൂടിയ സ്പോർട്സ് സ്കൂളാക്കി മാറ്റാനും ജില്ലാ-സംസ്ഥാന തലങ്ങളിലുള്ള സ്പോർട്സ് അസോസിയേഷനുകളുടെ തർക്കങ്ങൾ പരിഹരിച്ച് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം. കേരള സ്പോർട്സ് അസോസിയേഷന്റെ ഘടനയിലും പ്രവർത്തനരീതിയിലും മാറ്റമുണ്ടാക്കുന്നതിനും പ്രവർത്തനം സുതാര്യമാക്കുന്നതിനും മാനദണ്ഡപ്രകാരം അംഗീകാരം നൽകുന്നതിനും കായിക താരങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും തയ്യാറാകണം. യോഗ്യതയുള്ളവരെ സ്പോർട്സ് അസോസിയേഷൻ അംഗങ്ങളായി തെരഞ്ഞെടുക്കാനും ഭൗതിക സാഹചര്യങ്ങളുടെ

അഭാവം പരിഹരിക്കാനും നടപടി സ്വീകരിക്കണം. അന്തർദ്ദേശീയ നിലവാരമുള്ള ഹോക്കി പരിശീലനകേന്ദ്രം നിർമ്മിക്കുന്നതിനും സ്പോർട്സ് താരങ്ങൾക്ക് സായി സെന്റർ, സ്പോർട്സ് കൗൺസിൽ എന്നിവിടങ്ങളിൽ മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും സ്പോർട്സ് മെഡിസിൻ, സ്പോർട്സ് സൈക്കോളജി, ട്രെയിനിംഗ് മെത്തഡോളജി തുടങ്ങിയ സ്പെഷ്യലൈസ്ഡ് മേഖലകളിൽ എക്സ്പെർട്ടുകളുടെ സേവനം ലഭ്യമാക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. ഫുട്ബോളിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്താനും പരമ്പരാഗത കായികയിനങ്ങളായ ആർച്ചറി, കളരിപ്പയറ്റ്, സർക്കസ് എന്നിവയ്ക്ക് മികച്ച പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാനും തയ്യാറാകണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 35- ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി മികച്ച നിലവാരത്തോടുകൂടി കേരളത്തിലെ ഏഴ് ജില്ലകളിൽ ഒരുക്കിയിട്ടുള്ള സജ്ജീകരണങ്ങൾ കായിക താരങ്ങളുടെ പരിശീലനത്തിനും വിവിധ ജില്ല-സംസ്ഥാന-ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുമായി ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽ

അന്തർദ്ദേശീയ സൗകര്യങ്ങളോടുകൂടിയ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം, എല്ലാ പഞ്ചായത്തുകളിലും ഓരോ കളിക്കളം, പുതിയ ആറ് സ്റ്റേഡിയങ്ങൾ, 18 മിനി സ്റ്റേഡിയങ്ങൾ, 6 സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ എന്നിവയ്ക്കായി 2016-ലെ പുതുക്കിയ ബഡ്ജറ്റിൽ തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിന്റെ കായികരംഗം മികവുറ്റതാക്കുന്നതിന്റെ ഭാഗമായി കായികക്ഷമതാ മിഷൻ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഒളിമ്പിക്സിൽ മെഡൽ നേടുന്നതിന് തെരഞ്ഞെടുത്ത കായികയിനങ്ങളിൽ താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജി. വി. രാജാ സ്പോർട്സ് സ്കൂളിന്റെയും കണ്ണൂർ സ്പോർട്സ് ഡിവിഷന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കോച്ചുകളുടെ അഭാവം, ട്രാക്കുകളുടെ കുറവ് എന്നിവ പരിഹരിക്കുന്നതിനും കുട്ടികളുടെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ജി. വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, അയ്യങ്കാളി സ്പോർട്സ് സ്കൂൾ എന്നിവയുടെ

അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിട്ടുള്ള 30 കോടി രൂപ വിനിയോഗിച്ച് നിലവിലെ ജിംനേഷ്യം മെച്ചപ്പെടുത്തുന്നതിനും ഹൈജംപ് പിറ്റ് സ്ഥാപിക്കുന്നതിനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. എലൈറ്റ് സ്കീമിന്റെ കീഴിൽ അത്‌ലറ്റിക്സിന് ലക്ഷ്മീഭായി നാഷണൽ സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷനിലും വോളിബോളിന് തൃപ്രയാർ വോളിബോൾ എലൈറ്റ് ട്രെയിനിംഗ് സെന്ററിലും ഫെൻസിംഗിന് കടവന്ത്ര രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലും ആധുനിക രീതിയിലുള്ള പരിശീലനം നൽകിവരുന്നു. സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള 24 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളിലും വിവിധ കായികയിനങ്ങളിലുള്ള ആധുനിക പരിശീലനം നൽകാനുള്ള സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സ് അസോസിയേഷനുകളെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പരാതികളിന്മേൽ നിയമാനുസൃതമായ പരിശോധന നടത്തുന്നതും ക്രമക്കേട് കണ്ടെത്തുന്നപക്ഷം അംഗീകാരം റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. പരമ്പരാഗത കായിക വിനോദങ്ങളുമായി ബന്ധപ്പെട്ട അസോസിയേഷനുകൾക്ക് കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. കളരിപ്പയറ്റ് പ്രോത്സാഹിപ്പിക്കുന്നതിനായി

പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിൽ ജില്ലാ ആയോധന കളരി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരികയും ഇവയ്ക്കായി നൽകിക്കൊണ്ടിരുന്ന ഗ്രാന്റ് പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. അമ്പെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ആർച്ചറി അക്കാഡമി സ്ഥാപിക്കുന്നതിനായി വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ കായിക-യുവജന കാര്യാലയത്തിന് കൈമാറിയിട്ടുള്ള 8 ഏക്കർ സ്ഥലത്ത് പുതിയ ആർച്ചറി, സ്പോർട്സ് ഹോസ്റ്റൽ കെട്ടിടം, 5 പ്രീ-ഫാബുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യമില്ലാത്ത ഹോസ്റ്റലുകളിലെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ജി.വി. രാജാ സ്പോർട്സ് സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാലയമാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) <u>കുടിവെള്ളക്ഷാമം</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

പുനരാരംഭിക്കുകയും വാട്ടർ അതോറിറ്റിയിൽ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുകയും വേണം. കരാറുകാരുടെ കുടിശ്ശികത്തുക കൊടുത്തുതീർക്കുന്നതിനും പദ്ധതികൾക്ക് ഈ വർഷത്തെ എ.എസ്. നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. റെസ്റ്റൊറേഷൻ ഫണ്ട് നൽകാത്തതുമൂലം നിരവധി പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. കിണർ റീചാർജിംഗ് തുടരുന്നതിനും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ ഹാന്റ് പമ്പുകൾ നന്നാക്കുന്നതിനുമുള്ള നടപടിയുണ്ടാകണം. കളക്ടറേറ്റിൽ നിന്നും നിശ്ചയിക്കുന്ന തുകയ്ക്കനുസരിച്ച് പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം നടത്താൻ സാധിക്കാത്തത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കുടിവെള്ള സ്രോതസ്സുകളിൽ വേണ്ടത്ര ജലം ലഭ്യമല്ലാത്തതിനാൽ വരൾച്ച മുന്നിൽ കണ്ടുകൊണ്ട് സാധ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ഇത്തവണ നവംബർ മാസംതന്നെ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയും ജലസേചന വകുപ്പും ഭൂഗർഭജല വകുപ്പും ജലനിധിയും ചേർന്ന് നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനുവരി-ഫെബ്രുവരി മാസങ്ങളിൽ പ്രത്യേക യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശം

നൽകുകയും ഏറ്റെടുക്കേണ്ട പ്രവൃത്തികൾ തീരുമാനിച്ച് നടപടികളിലേയ്ക്ക് നീങ്ങുകയുമുണ്ടായി. ഉദ്യോഗസ്ഥരെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ വീഡിയോ കോൺഫറൻസിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. പാറമടകൾ, കുളങ്ങൾ തുടങ്ങിയവയിൽനിന്നുള്ള വെള്ളം ശുദ്ധീകരിച്ചെടുക്കാനും ഒരു മണിക്കൂർ നേരംകൊണ്ട് 50,000 ലിറ്റർവരെ ജലം കിട്ടുന്ന കുഴൽക്കിണറുകളിലെ വെള്ളം വാട്ടർ അതോറിറ്റിക്ക് ഉപയോഗിക്കാൻ സാധിക്കുന്ന രൂപത്തിലാക്കിയെടുക്കാനും സാധിച്ചിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പ്രോജക്ടുകൾ കമ്മീഷൻ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വാട്ടർ അതോറിറ്റിയുടെ ഹെഡ്ഡാഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂമും ജില്ലാടിസ്ഥാനത്തിൽ കൺട്രോൾ റൂമുകളും ഒരു ഡ്രൗട്ട് മാനേജ്മെന്റ് സെല്ലും പ്രവർത്തിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ തടയണകൾ നിർമ്മിക്കാനും നീർച്ചാലുകൾ നിർമ്മിച്ച് ഇൻടേക്ക് വെല്ലിലേയ്ക്ക് വെള്ളം എത്തിക്കാനും അണക്കെട്ടുകളിലെ വെള്ളം പരമാവധി കുടിവെള്ളത്തിന് ഉപയോഗിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൈപ്പ്ലൈൻ നീട്ടുക, ടാങ്കുകൾ വൃത്തിയാക്കുക തുടങ്ങിയ പ്രവൃത്തികൾ നടന്നുവരികയാണ്. കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ അയ്യായിരത്തിലധികം കുഴൽക്കിണറുകളുടെ ഹാന്റ്

പമ്പുകൾ റിപ്പയർ ചെയ്ത് പ്രവർത്തനസജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രവിഹിതം കുറഞ്ഞതു കൊണ്ടാണ് കരാറുകാർക്ക് കുടിശ്ശികയുണ്ടായത്. ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പി.ഡബ്ല്യൂ.ഡി. റോഡുകൾക്ക് ആഘാതമുണ്ടാക്കാതെ ആവശ്യമായ സ്ഥലങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. വരൾച്ചയുമായി ബന്ധപ്പെട്ട് ഇന്റർലിങ്കിംഗിന് ആവശ്യമായ പണികൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. പട്ടുമാടം പദ്ധതിയുടെ തടസ്സം നീക്കുന്നതിന് ശ്രമിക്കുന്നതാണ്. ഭൂഗർഭജലത്തെ സംപോഷിപ്പിക്കാനുള്ള നിരവധി പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വരൾച്ചയ്ക്ക് മുമ്പുതന്നെ 166 പദ്ധതികൾ കമ്മിഷൻ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ജലനിധിയുടെ ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും ഏറ്റെടുത്ത പദ്ധതികളിൽ പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനസജ്ജമാക്കുന്നതും പ്രോജക്ട് -III യുടെ ഭാഗമായി കിണർ റീ-ചാർജിംഗ് കൂടുതൽ വ്യാപിപ്പിക്കാൻ കഴിയുമോയെന്ന കാര്യം പ്രത്യേകം

പരിശോധിക്കുന്നതുമാണ്.

## III സബ്മിഷൻ

### (1) മലയോര വികസന ഏജൻസി

ശ്രീ. കെ. സി. ജോസഫ്: മലയോര വികസന ഏജൻസിയുടെ പദ്ധതികൾക്ക് നബാർഡിൽനിന്നും മറ്റ് കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിൽനിന്നും കൂടുതൽ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ തുടരേണ്ടതില്ലെന്ന് ഗവൺമെന്റ് തീരുമാനിക്കുകയും പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് വകുപ്പുതലങ്ങളിൽ പരിശോധന നടന്നുവരികയുമാണ്. സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിൽ റോഡുകൾ, തടയണകൾ, ചെറുകിട കുടിവെള്ള പദ്ധതികൾ, ക്ഷീര വികസന പദ്ധതികൾ തുടങ്ങിയവ നിലവിലുള്ള വകുപ്പുകൾ മുഖേന നബാർഡ് സഹായത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് കൂടുതൽ കേന്ദ്ര ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) വെരിഫിക്കേഷൻ ഫീ ഒഴിവാക്കൽ

ശ്രീ. കെ. എം. ഷാജി: സർക്കാർ പദ്ധതികൾക്ക് തീരദേശ പരിപാലന അതോറിറ്റിയുടെ വെരിഫിക്കേഷൻ ഫീ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസിനായി സമർപ്പിക്കുന്ന 500 സ്ക്വയർ മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്കും 10 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന മറ്റ് പ്രോജക്ടുകൾക്കും സർക്കാർ ഉത്തരവുപ്രകാരം പരിശോധനാ ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ലാബ് അടിസ്ഥാനത്തിലുള്ള ഈ തുക സർക്കാർ ട്രഷറിയിലൊടുക്കിയതിന്റെ രസീത് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മാത്രമേ സി.ആർ.ഇസഡ്. അനുമതിക്കുള്ള അപേക്ഷ പരിഗണിക്കുകയുള്ളൂ. കേന്ദ്ര-സംസ്ഥാന വകുപ്പുകളും മറ്റ് സ്ഥാപനങ്ങളും പരിധിയിൽനിന്ന് ഒഴിവാക്കപ്പെടാത്തതിനാൽ നിലവിൽ പരിശോധനാ ഫീസ് അടയ്ക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതിന് തടസ്സമുണ്ട്. ഇക്കാര്യം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വകുപ്പുകളെ

കെ.സി.ഇസഡ്.എം.എ.-യുടെ പരിശോധനാ ഫീസ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പരിശോധനാ ഫീസിനത്തിൽ സമാഹരിക്കുന്ന തുക സർക്കാർ വരുമാനമായി പരിഗണിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളെ ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (3) ഫിലിം സിറ്റി

ശ്രീ. പി. ഉണ്ണി: ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിനായി 2011-2013 കാലയളവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും ആവശ്യമായ ഭൂമി ലഭിക്കാത്തതിനാൽ തുക ലാപ്സാകുകയാണുണ്ടായത്. 2014-ൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 3.3 ഏക്കർ ഭൂമി ഒറ്റപ്പാലത്ത് കണ്ടെത്തി കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുകയുണ്ടായി. പദ്ധതിക്കായി 7.7 കോടി

രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചില്ല. കേരളത്തിൽ തിയേറ്റർ ശൃംഖല വ്യാപിപ്പിക്കുന്നതിന് കിഫ്ബിയിൽ വകകൊള്ളിച്ചിട്ടുള്ള 100 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമായ സ്ഥലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ കെ.എസ്.എഫ്.ഡി.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) <u>എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം</u>

<u>ശ്രീമതി ഗീതാ ഗോപി</u>: നാട്ടിക നിയോജകമണ്ഡലത്തിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിലെ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>) : പ്രസ്തുത ഭൂമി എക്സൈസ് വകുപ്പിന് കൈമാറാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പേരിൽ

പ്രമാണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച പഞ്ചായത്ത് സെക്രട്ടറിയുടെ ശിപാർശ കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അവിടെ ഓഫീസ് കെട്ടിടം പണിയുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

(5) പട്ടയ വിതരണം

ശ്രീ. അടൂർ പ്രകാശ്: കോന്നി നിയോജകമണ്ഡലത്തിലെ ആറ് വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നതും ഏതാണ്ട് എഴുപത് വർഷമായി കൃഷി ചെയ്തുവരുന്നതുമായ ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, അരുവാപ്പുലം എന്നീ പഞ്ചായത്തുകളിലെ ഭൂമിക്കും ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമിക്കും പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : പത്തനംതിട്ട ജില്ലയിലെ ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, അരുവാപ്പുലം എന്നീ പഞ്ചായത്തുകളിലെ കൈവശക്കാർക്ക് പട്ടയം വിതരണം ചെയ്യുന്നതിനായി 28.2.2016-ന് ചിറ്റാറിൽ വച്ച് പട്ടയമേള നടത്തിയെങ്കിലും വനം വകുപ്പിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നിരാക്ഷേപപത്രം ലഭിക്കാത്തതിനാൽ 40 പട്ടയങ്ങൾ മാത്രമേ വിതരണം ചെയ്യാൻ സാധിച്ചുള്ളൂ. പട്ടയ

വിതരണത്തിനായി കണ്ടെത്തിയ ഭൂമിയുടെ കുറച്ചു ഭാഗം വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത നിയന്ത്രണത്തിൽ ഉൾപ്പെട്ടതും കുറേഭാഗം ഫുഡ് പ്രൊഡക്ഷൻ ഏരിയയിൽ ഉൾപ്പെട്ടതുമാണ്. ഫുഡ് പ്രൊഡക്ഷൻ ഏരിയയിൽ ഉൾപ്പെട്ട സ്ഥലം ഡിസ്-റിസർവ് ചെയ്ത് ലഭിച്ചെങ്കിൽ മാത്രമേ പട്ടയ വിതരണം സാധ്യമാകുകയുള്ളൂ. കൂടാതെ വനഭൂമിക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതിയും ആവശ്യമാണ്. വനം വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിക്കാത്തതിനാൽ വിവിധ സമുദായങ്ങളുടെ ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമിക്കും പട്ടയം നൽകുന്നതിന് സാധിച്ചിട്ടില്ല.

(6) കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

ശ്രീ. കോവൂർ കുഞ്ഞുമോൻ : ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. സബ്-ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : കെ.എസ്.ആർ.ടി.സി. പുന:സംഘടനയ്ക്ക് തയ്യാറായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കൂടുതൽ ഡിപ്പോകൾ, ഓപ്പറേറ്റിംഗ് സെന്ററുകൾ, സബ്-ഡിപ്പോകൾ തുടങ്ങിയവ ആരംഭിക്കുന്നതിന് ബുദ്ധിമുട്ടാണ്. എന്നിരുന്നാലും ശാസ്താംകോട്ട സബ്-ഡിപ്പോയുടെ

കാര്യം പ്രത്യേകം പരിഗണിച്ച് സർക്കാർ വാഗ്ദാനം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (7) ധനകാര്യ കമ്മീഷൻ ശിപാർശകൾ

ശ്രീ. വി. ഡി. സതീശൻ: അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്മേൽ പരിശോധന നടത്താനും അതു സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാനും കമ്മീഷന്റെ ശിപാർശകളനുസരിച്ചുള്ള അലോക്കേഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കഴിഞ്ഞ വർഷം മാർച്ച് മാസത്തിൽ അഞ്ചാം ധനകാര്യ കമ്മീഷന്റെ അവസാന റിപ്പോർട്ട് സമർപ്പിക്കുകയും ശിപാർശകൾ ധനകാര്യ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയും ഉൾപ്പെടുന്ന സമിതി വിശദമായി പരിശോധിക്കുകയും സർക്കാർ സ്വീകരിക്കേണ്ട തീരുമാനങ്ങളെക്കുറിച്ച് ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. ക്യാബിനറ്റ് തീരുമാനമായാൽ അത് നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. ബഡ്ജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ നൽകിയിട്ടുള്ളത് കരട് ശിപാർശയുടെ അടിസ്ഥാനത്തിലാണ്. ആക്ഷൻ ടേക്കൺ റിപ്പോർട്ട് അടുത്ത സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതാണ്.

(8) അവയവ കച്ചവടം തടയൽ

ശ്രീ. പി. കെ. ശശി: അവയവദാനത്തിന്റെ പേരിൽ നടക്കുന്ന അവയവ കച്ചവടം അവസാനിപ്പിക്കുന്നതിനും അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ചെലവുകൾ ഏകീകരിക്കുന്നതിനും മസ്തിഷ്കമരണം സ്ഥിരീകരിക്കാൻ വ്യക്തമായ മാനദണ്ഡം നിശ്ചയിക്കുന്നതിനും ആവശ്യമാണെങ്കിൽ ഇതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനും തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മസ്തിഷ്കമരണവും അവയവദാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിയമവ്യവസ്ഥകൾ രൂപപ്പെടുത്തിയിരിക്കുന്നത്. മസ്തിഷ്കമരണാനന്തര അവയവദാനത്തിൽ മരണം സംഭവിച്ച വ്യക്തിയുടെ ബന്ധുക്കളുടെ സമ്മതം ഏറ്റവും പ്രധാനമാണ്. മസ്തിഷ്കമരണവുമായി ബന്ധപ്പെട്ട് അവയവ കച്ചവടം നടക്കുന്നതായുള്ള ആശങ്കകളുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധരുമായി ചർച്ച നടത്തി ഈ വർഷം ഫെബ്രുവരിയിൽ സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള നാല് ഡോക്ടർമാരുടെ സംഘത്തിൽ ഒരാൾ സർക്കാർ ഡോക്ടറായിരിക്കണമെന്നും പരിശോധന സംബന്ധിച്ച് റിയൽടൈം വീഡിയോഗ്രാഫി ഉണ്ടാകണമെന്നും കർശന നിബന്ധന

ഏർപ്പെടുത്തിയിട്ടുണ്ട്. മസ്തിഷ്കമരണം സംഭവിച്ച വ്യക്തികളുടെ അവയവ വിന്യാസം പ്രത്യേക നിയമപ്രകാരമാണ് നടപ്പിലാക്കുന്നത്. സ്വകാര്യ ആശുപത്രികളിൽ വച്ച് ഡൊണേഷൻ നടത്തുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സർക്കാർ മെഡിക്കൽ കോളേജുകൾ ആസ്ഥാനമാക്കി രൂപീകരിച്ചിട്ടുള്ള മേഖലാ ആതറൈസേഷൻ കമ്മിറ്റികൾ ചൂഷണമോ വാണിജ്യമോ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ഇടനിലക്കാർ ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. അവയവ കച്ചവടത്തിനെതിരെ ശക്തമായ നടപടിയെടുക്കുകയും ശരിയായ നിലയിലുള്ള അവയവദാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

(9) യൂണിവേഴ്സിറ്റികളിലെ ലൈബ്രേറിയൻ നിയമനം

ശ്രീ. ഐ. ബി. സതീഷ്: സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിലെ ലൈബ്രേറിയൻ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കുസാറ്റിൽ പ്രൊഫഷണൽ അസിസ്റ്റന്റിന്റെ പതിമൂന്ന് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും യൂണിവേഴ്സിറ്റി ലൈബ്രേറിയൻ തസ്തികയിലെ ഒഴിവ് റിപ്പോർട്ട്

ചെയ്യാനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്. സംസ്കൃത സർവ്വകലാശാലയിൽ നിലവിൽ ഒഴിവുകളില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ലൈബ്രറി അസിസ്റ്റന്റുമാരുടെ ഏഴും യൂണിവേഴ്സിറ്റി ലൈബ്രേറിയന്റെ ഒരു തസ്തികയും കോഴിക്കോട് സർവ്വകലാശാലയിൽ പ്രൊഫഷണൽ അസിസ്റ്റന്റിന്റെ അഞ്ചും തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ ലൈബ്രേറിയൻ ഉൾപ്പെടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത തസ്തികകൾ സംബന്ധിച്ച വിഷയം സർവ്വകലാശാല സിൻഡിക്കേറ്റിന്റെ അടിയന്തര പരിഗണനയിലാണ്. കേരള സർവ്വകലാശാലയിൽ ഓർഡിനൻസും സ്പെഷ്യൽ റൂൾസും ഇല്ലാത്തതിനാൽ ലൈബ്രറി അസിസ്റ്റന്റിന്റെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. കേരള കാർഷിക സർവ്വകലാശാലയിലെ ലൈബ്രറി വിഭാഗത്തിലെ ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## (10) ഭവനശ്രീ വായ്പാകുടിശ്ശിക എഴുതിത്തള്ളൽ

ശ്രീ. എ. എം. ആരിഫ്: തുറവൂർ പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളുടെ ഭവനശ്രീ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനും ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): അപേക്ഷയിലെ സാങ്കേതിക

തകരാറുകാരണമാണ് 18 പേരുടെ വായ്പ എഴുതിത്തള്ളാൻ സാധിക്കാത്തത്. ജപ്തി നടപടികൾ തൽക്കാലത്തേക്ക് നിർത്തിവയ്ക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ അപേക്ഷയിന്മേൽ ഒരു മാസത്തിനുള്ളിൽ തീർപ്പുകൽപ്പിച്ച് ഉത്തരവിറക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 18 ഗുണഭോക്താക്കൾക്കും ഭവനശ്രീ വായ്പയുടെ ആനുകൂല്യം ലഭ്യമാക്കാൻ കഴിയുന്നതെല്ലാം ചെയ്യുന്നതാണ്.

## IV ഗവൺമെന്റ് പ്രമേയം

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാസ്ഥാപനമായി നിലനിർത്തൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): " സിക്ക് യൂണിറ്റായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൊൽക്കത്തയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന മാതൃകമ്പനിയുടെ ഭാഗമായുള്ള സ്ഥാപനമാണ് കോട്ടയം ജില്ലയിലെ വെള്ളൂരിലെ 700 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്.

ഈ സ്ഥാപനത്തെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് വന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്ര പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ടുപോകുന്നതിനും

ആവശ്യമായ തീരുമാനങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: " പ്രമേയത്തിലെ ഒന്നാം ഖണ്ഡികയ്ക്ക് താഴെയായി താഴെപ്പറയുന്ന ഖണ്ഡിക ചേർക്കുക.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് പ്രോജക്ടിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ തികച്ചും സൗജന്യനിരക്കിലാണ് നൽകുന്നത്. മാത്രമല്ല ഫാക്ടറിക്ക് പൾപ്പ് ഉണ്ടാക്കുന്നതിന് ആവശ്യമായ മരം വച്ചുപിടിപ്പിക്കാൻ വനം വകുപ്പിൽനിന്ന് ആവശ്യമായ ഭൂമി സൗജന്യമായി നൽകിയിട്ടുമുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരമില്ലാത്ത ഏകപക്ഷീയമായ തീരുമാനം കേരളത്തിന്റെ താല്പര്യത്തിന് വിരുദ്ധമാണ്" എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പിണറായി വിജയൻ: ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: പ്രമേയത്തെ അനുകൂലിക്കുന്നു. ആരംഭകാലംമുതൽ ലാഭത്തിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ ഡിസ്ഇൻവെസ്റ്റുമെന്റ് എന്ന കാരണം പറഞ്ഞ് ഔട്ട്റേറ്റ് സെയിൽ

നടത്താനാണുദ്ദേശിക്കുന്നത്. സംസ്ഥാന സർക്കാർ നൽകിയ 700 ഏക്കർ സ്ഥലം ഫാക്ടറി നടത്തിപ്പിനല്ലാതെ മറ്റൊരു കാര്യത്തിനും ഉപയോഗിക്കാൻ പറ്റില്ലെന്നും ലാന്റ് അക്വിസിഷൻ ആക്ടിലെ പ്രൊവിഷൻ അനുസരിച്ച് ഭൂമി ഔട്ട്റേറ്റ് സെയിൽ നടത്താൻ അനുവദിക്കില്ലെന്നുമുള്ള സംസ്ഥാന ഗവൺമെന്റ് നിലപാട് വ്യക്തമാക്കി കേന്ദ്ര ഗവൺമെന്റിന് കത്തയയ്ക്കണം.

ശ്രീ. പിണറായി വിജയൻ: 700 ഏക്കർ സ്ഥലം മാത്രമല്ല ഫാക്ടറി നടത്തിപ്പിനാവശ്യമായ എല്ലാ സൗകര്യങ്ങളും സംസ്ഥാനം നൽകിവരികയാണ്. കേരളത്തിൽ ഈ സ്ഥാപനം നിലനിൽക്കണമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. ഈ സ്ഥലം ഫാക്ടറി നടത്തിപ്പിനല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന നിലപാട് സ്വീകരിക്കുകയും സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ചെയ്യുന്നതാണ്.

ഭേദഗതി ചെയ്തപ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## V റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI നിയമനിർമ്മാണകാര്യം

മി. സ്പീക്കർ: ഇന്ന് പരിഗണനയ്ക്കെടുക്കേണ്ട മൂന്ന് ബില്ലുകളുടെയും ചുമതല

വഹിക്കുന്ന ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്ക് ആരോഗ്യപരമായ കാരണങ്ങളാൽ ഏതാനും ദിവസം സഭയിൽ ഹാജരാകാൻ കഴിയാത്ത സാഹചര്യം സംജാതമായതിനാലും കാര്യവിവരപ്പട്ടികയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള മൂന്ന് ബില്ലുകളും ഇന്നുതന്നെ പരിഗണിക്കപ്പെടേണ്ടതിനാലും ചട്ടം 78 താൽക്കാലികമായി സസ്പെന്റ് ചെയ്യാൻ സഭ തീരുമാനിക്കുന്നു. മൂന്ന് ബില്ലുകളുടെയും അവതരണവും തുടർന്നുള്ള ചുമതലകളും നിർവ്വഹിക്കുന്നതിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് അനുവാദം നൽകാനും ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ കൂടി സഭ ഇന്ന് പരിഗണിക്കുന്നതും പ്രസ്തുത ബിൽ ഇന്നത്തെ കാര്യവിവരപ്പട്ടിക ഭേദഗതി ചെയ്തുകൊണ്ട് അവസാന ഇനമായി ഉൾപ്പെടുത്താനും സഭ തീരുമാനിക്കുന്നു.

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII- ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്ടിന് 1989-ൽ പശ്ചിമ ബംഗാൾ നിയമസഭ പാസ്സാക്കിയ ഭേദഗതി കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും നിയമത്തിൽ 'തൊഴിലാളി' എന്ന വാക്കിന്റെ നിർവ്വചനത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആറ് മാസ കാലാവധിക്കുശേഷവും നിയമ ഭേദഗതി വരുത്താത്തതിനാൽ 2003 നവംബറിൽ സംസ്ഥാന ഗവൺമെന്റ് താല്ക്കാലികമായി പുറപ്പെടുവിച്ച ഓർഡിനൻസ് കേന്ദ്ര ഗവൺമെന്റ് നിരാകരിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 2007-ലും 2012-ലും

സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡിനൻസ് കാലഹരണപ്പെട്ടതിനെ തുടർന്ന് 2016-ൽ വീണ്ടും ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സാങ്കേതികമോ ക്ലാർക്കിന്റേതോ ആയ പ്രവൃത്തി ചെയ്യാൻ നിയോഗിക്കപ്പെട്ടതോ (അപ്രന്റിസ് ഉൾപ്പെടെ) വില്പനയെ പ്രോത്സാഹിപ്പിക്കുന്ന ഏതെങ്കിലും പ്രവർത്തനം നടത്തുന്നതോ ആയ ആളുകളെക്കൂടി നിയമത്തിന്റെ ആനുകൂല്യത്തിൽ ഉൾപ്പെടുത്തുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കുവേണ്ടി (ശ്രീ. എൻ. ഷംസുദ്ദീൻ): 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-07-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അദ്ധ്വാന വർഗ്ഗത്തിന്റെ ക്ഷേമത്തിനായി രാജ്യത്ത് രൂപീകരിച്ച ഏറ്റവും ശ്രദ്ധേയമായ നിയമങ്ങളാണ് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടും വർക്ക്മെൻ കോമ്പൻസേഷൻ ആക്ടും. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ കച്ചവടത്തിന്റെ അഭിവൃദ്ധിക്കായി പ്രവർത്തിക്കുന്ന തൊഴിലാളികളെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരത്തക്കവിധം 'തൊഴിലാളി' എന്ന വാക്കിന്റെ നിർവ്വചനത്തിൽ ആവശ്യമായ മാറ്റംവരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരമാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. പണം ഈടാക്കിക്കൊണ്ട് ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനായി

പ്രവർത്തിക്കുന്നവരെക്കൂടി ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇതര സംസ്ഥാനങ്ങളിലേതുപോലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കൂടുതൽ മേഖലകളിലെ തൊഴിലാളികളെ ഈ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നുണ്ടെന്നും സംസ്ഥാനത്ത് ബാലവേല നിരോധനം കർശനമായി നടപ്പാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണം. അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷയും വേതന സുരക്ഷയും ഉറപ്പാക്കേണ്ടതാണ്. തോട്ടം മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരികികണം. തൊഴിലാളി ക്ഷേമത്തിന്റെ ഭാഗമായി നിലവിലുള്ള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലും വർക്ക്മെൻ കോമ്പൻസേഷൻ ആക്ടിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്താൻ തയ്യാറാകണം.

<u>ശ്രീ. ഐ. ബി. സതീഷ്</u> : 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്ടിൽ 'തൊഴിലാളി' എന്ന വാക്കിന്റെ നിർവ്വചനത്തിൽ കാലോചിതവും അനിവാര്യവുമായ ഭേദഗതി വരുത്താനാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. കോർപ്പറേറ്റുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി മാത്രം ഏകപക്ഷീയമായി തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യപ്പെടുന്ന കാലഘട്ടത്തിലാണ് കേരള സർക്കാർ ഇത്തരത്തിലൊരു നിയമ ഭേദഗതി കൊണ്ടുവരുന്നത്. സംതൃപ്തമായ തൊഴിലാളി-ഉടമാബന്ധം ഉറപ്പുവരുത്തുന്നതിന് പ്രതിജ്ഞാബദ്ധമായ ഈ സർക്കാർ കഴിഞ്ഞ 6 മാസക്കാലമായി എടുത്തിട്ടുള്ള സമീപനങ്ങൾ പ്രതീക്ഷാനിർഭരവും ആവേശഭരിതവുമാണ്. സർക്കാർ ആരംഭിച്ച കാൾ സെന്ററുകളിലൂടെ തൊഴിലാളിരംഗത്തെ പരാതികൾക്ക് തീർപ്പുകൽപ്പിക്കാനും സംശയ നിവാരണം വരുത്താനും കഴിഞ്ഞിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി കഴിഞ്ഞ

ആറ് മാസക്കാലയളവിൽ 44 മെഡിക്കൽ ക്യാമ്പുകൾ നടത്തിയതും ക്യാമ്പുകൾ ആരംഭിക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയതും വേതന സുരക്ഷാ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് തുക വിതരണം ചെയ്യാൻ കഴിഞ്ഞതും ഈ ഗവൺമെന്റിന്റെ തൊഴിലാളിക്ഷേമ തൽപ്പരതയെയാണ് കാണിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : 2003 മുതൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടും സംസ്ഥാനത്ത് ഭേദഗതി നടപ്പാക്കിയില്ല. തൊഴിലാളി എന്ന വിഭാഗത്തിൽപ്പെടുത്താൻ പാടില്ലാത്തവരെപ്പറ്റി നിയമത്തിൽ പ്രത്യേകം പറയുന്നുണ്ട്. പക്ഷേ മാനേജീരിയൽ കേഡറാണെന്ന് തെറ്റിദ്ധരിച്ച് സെയിൽ പ്രൊമോട്ടേഴ്സിനെ ഒഴിവാക്കിയിരുന്നു. എന്നാൽ അവരെക്കൂടി ഉൾപ്പെടുത്തി 1989-ൽ പശ്ചിമ ബംഗാൾ ഗവൺമെന്റ് പാസ്സാക്കിയ ഭേദഗതി നിയമം അംഗീകരിച്ച കേന്ദ്ര ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ ഭേദഗതി നിയമം കൊണ്ടുവന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(ii) 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>) : 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്ടിലെ സെക്ഷൻ 20 (1)-ലാണ് ഭേദഗതി വരുത്തുന്നത്. ഈ ആക്ട് പ്രകാരമുള്ള അവകാശ തർക്കങ്ങൾ സെറ്റിൽ ചെയ്യേണ്ട ഉന്നതാധികാരി ലേബർ കമ്മീഷണറാണ്. എന്നാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ വ്യവസ്ഥ നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് അവകാശ തർക്കങ്ങൾ തീരുമാനിക്കുന്നതിന് തൊഴിൽ കമ്മീഷണറുടെ സ്ഥാനത്ത് സംസ്ഥാന സർക്കാരിലെ ഡെപ്യൂട്ടി തൊഴിൽ കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന് ഈ നിയമഭേദഗതിയിലൂടെ അധികാരം നൽകുകയാണ്. സെക്ഷൻ 20 സബ് സെക്ഷൻ 4-ൽ പിഴത്തുക 50 രൂപ എന്നത് 1000 രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സെക്ഷൻ 20 സബ്സെക്ഷൻ 5-ൽ ക്ലാസ് ബി-യിൽ മജിസ്ട്രേറ്റുമാർക്ക് കോടതിയിലെ തിരക്കുകാരണം തുക വസൂലാക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ ഭൂനികുതി കുടിശ്ശിക ഈടാക്കുന്നതുപോലെ മജിസ്ട്രേറ്റിനോ റവന്യൂ റിക്കവറിക്ക് അധികാരമുള്ള ഉദ്യോഗസ്ഥനോ തീർപ്പ് കൽപ്പിക്കാം എന്ന് മാറ്റുകയാണ്. സെക്ഷൻ 22-ൽ, ഉടമ

മിനിമം വേജസ് കൊടുക്കുന്നില്ലെങ്കിൽ 500 രൂപ പിഴ എന്നുള്ളത് 5000 രൂപയാക്കി മാറ്റുകയാണ്. സെക്ഷൻ 22 എ-യിൽ ഇതിൽ ഒന്നും പറയാത്ത ഏതെങ്കിലും മിനിമം വേജസ് കൊടുക്കുന്നില്ലെങ്കിലുള്ള പിഴ 500 രൂപയായിരുന്നത് 5000 രൂപയാക്കി മാറ്റുകയാണ്. ഈ ഭേദഗതികളാണ് ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. ബില്ലിന്റെ ഘടനയിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്ത്യയിൽ സർവ്വീസ് മേഖലകളിൽ 60 ശതമാനത്തിൽ കൂടുതൽ ആളുകൾ ജോലി ചെയ്യുമ്പോൾ മാനുഫാക്ചറിംഗ് സെക്ടറിൽ 20 ശതമാനത്തിൽ താഴെയാണ് വരുന്നത്. കാലാനുസൃതമായി നിയമങ്ങൾ മാറണം. ഇന്ന് 90 ശതമാനം ആളുകൾ അസംഘടിത മേഖലയിലും 10 ശതമാനം ആളുകൾ സംഘടിത മേഖലയിലുമാണ്. പത്തുശതമാനം വരുന്ന സംഘടിത മേഖലയിലുള്ളവർക്കു മാത്രമാണ് ഈ നിയമം ബാധകമായിട്ടുള്ളത്. കശുവണ്ടി-കയർ മേഖലയിലെ ജീവനക്കാർക്കും ജിംനേഷ്യത്തിലെ ട്രെയിനർമാർക്കും വസ്ത്രശാലകളിലെ ജീവനക്കാർക്കുമെല്ലാം 8

മണിക്കൂറിൽ കൂടുതൽ ജോലി ചെയ്തിട്ടും 5000 രൂപയ്ക്ക് താഴെയാണ് ശമ്പളം ലഭിക്കുന്നത്. അൺ എയ്ഡഡ് സ്കൂൾ ടീച്ചർമാരുടെ കാര്യത്തിലും ഈ ആക്ട് പ്രായോഗികമാകുന്നില്ല. അതുകൊണ്ട് ഈ ആക്ട് എത്രമാത്രം പ്രായോഗികമാകുന്നുവെന്നത് പൊതുസമൂഹം ചർച്ച ചെയ്യണം. സേവന-വേതന അവകാശങ്ങൾ സംബന്ധിച്ച ബില്ലിലേയ്ക്കുള്ള ചർച്ചകൾ കൂടുതൽ ഊർജ്ജിതമാക്കണം. തൊഴിൽ കമ്മീഷണറുടെ പദവിയിലുള്ള ഒരാൾക്ക് മാത്രമേ ക്ലെയിമിനുള്ള ഡിസ്പ്യൂട്ടിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ മിനിമം കൂലി സംബന്ധിച്ച പതിനായിരത്തോളം കേസുകൾ മുടങ്ങിക്കിടക്കുകയാണ്. ഈ ഭേദഗതി നിലവിൽ വരുന്നതോടുകൂടി എട്ടോളം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ വരുന്നതിനാൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കാൻ സാധിക്കും.

നാലാം ഉപവകുപ്പിൽ തൊഴിൽ നിയമങ്ങൾ മനസ്സിലാകാതെ ഏതെങ്കിലുമൊരു തൊഴിലാളിയോ തൊഴിലാളി സംഘടനയോ കേസ് കൊടുക്കുകയാണെങ്കിൽ ആ തെറ്റിന് സാധാരണക്കാരനിൽനിന്നും ഈടാക്കാവുന്ന പിഴത്തുക 1000 രൂപയാക്കി വർദ്ധിപ്പിക്കുന്നത് കൂടുതലായതിനാൽ സബ്ജക്ട്

കമ്മിറ്റിയിൽ പരിശോധിച്ച് കുറവുചെയ്യണം. 22-ാം വകുപ്പിൽ ഏതെങ്കിലും തൊഴിലാളിക്ക് ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായ കൂലി നൽകിയില്ലെങ്കിൽ ആ തൊഴിൽശാലാ ഉടമയ്ക്ക് നൽകേണ്ട പിഴത്തുക 500 രൂപ എന്നുള്ളത് 5000 രൂപയാക്കി വർദ്ധിപ്പിക്കുന്നതായി ഈ ബില്ലിൽ പറയുന്ന ഭേദഗതി സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കണം. തെറ്റ് ചെയ്താൽ തൊഴിൽശാല ഉടമയ്ക്ക് 5000 രൂപ കൊടുത്ത് ഇതിൽനിന്നും ഒഴിവാകാം എന്നതിനാൽ കാലത്തിനനുപാതികമായി പിഴത്തുക വർദ്ധിപ്പിക്കണം. ചെറുകിട-വൻകിട ഹോസ്പിറ്റൽ ജീവനക്കാർക്കും അൺഎയ്ഡഡ് സ്കൂൾ ടീച്ചേഴ്സിനും നാടക-സിനിമാ കലാകാരന്മാർക്കും മിനിമം വേജസിന്റെ പ്രശ്നമുണ്ട്. കൺകറന്റ് ലിസ്റ്റിലുള്ള ലേബർ ലാ സംബന്ധിച്ച് ഒന്നിലധികം അധികാരികളുടെ നിയന്ത്രണമുള്ളതുകൊണ്ട് ഇത് സ്റ്റേറ്റ് ലിസ്റ്റിലേക്ക് കൊണ്ടുവന്നാൽ കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യമുണ്ടാകും. ബിൽ പാസ്സാകുന്നതോടുകൂടി എല്ലാ തൊഴിൽ സ്ഥാപനങ്ങളിലും ഇത് കർശനമായി നടപ്പിലാക്കുകയും മോണിറ്ററിംഗ് നടത്തുകയും ചെയ്യണം.

ശ്രീമതി യു. പ്രതിഭ ഹരി: 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. 1948-ൽ കേന്ദ്രനിയമം പ്രാബല്യത്തിൽ വന്നെങ്കിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ കൂലി കൊടുക്കുന്നതിൽ കേരളം മുന്നിലാണ്. തൊഴിൽ നിയമങ്ങളിൽ നിർദ്ദിഷ്ട സേവന-വേതന വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കണം. നിരവധി ആളുകൾ തൊഴിൽതേടി വിദേശത്തേയ്ക്കും അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്കും വരുന്നുണ്ട്. നിതാഖത്ത് പോലെയുള്ള തൊഴിൽ നിയമങ്ങൾ കാരണം കേരളത്തിലേയ്ക്ക് തിരിച്ചുവരുന്നവർക്കുകൂടി തൊഴിലും സുരക്ഷിതത്വവും ഉറപ്പാക്കണം. മുമ്പ് തൊഴിൽ നിയമങ്ങളും വ്യവസ്ഥകളും തൊഴിലാളികളെ മാത്രമാണ് ബാധിച്ചിരുന്നതെങ്കിൽ ഇന്ന് അതൊരു സാമൂഹ്യപ്രശ്നമായി മാറിയിരിക്കുകയാണ്.

<u>മി.സ്പീക്കർ:</u> കാര്യവിവരപ്പട്ടികയിലെ നടപടിക്രമമനുസരിച്ച് ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ 2017-ലെ കേരള ധന വിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളുമാണ്. ആയതിനാൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ചർച്ച ധനവിനിയോഗ ബിൽ ചർച്ചയ്ക്കുശേഷം തുടരാവുന്നതാണ്.

(2) 2017 ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2017 -ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2017 -ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. നൗഷാദ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ വിജയകരമായി നേരിടാൻ കഴിയത്തക്കവിധത്തിലുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസന കുതിപ്പിന് ശക്തി പകരുന്ന, ഇൻഡ്യയ്ക്കാകെ മാതൃകയാക്കാവുന്ന തരത്തിൽ വിഭവ സമാഹരണത്തിന് നൂതന വഴികൾ കണ്ടെത്തി പദ്ധതികൾ നടപ്പാക്കാനുള്ള പരിശ്രമങ്ങളാണ് നടത്തുന്നത്. ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവൺമെന്റുകൾ കൊണ്ടുവന്നിട്ടുള്ള ഭൂപരിഷ്കരണം, ജനകീയാസൂത്രണം, സാക്ഷരത, കുടുംബശ്രീ എന്നിവയെപ്പോലെ ജനക്ഷേമത്തിനുതകുന്ന ഒരു നൂതന ആശയമാണ് കിഫ്ബി. സാമൂഹ്യ മേഖലയ്ക്ക് ഊന്നൽ നൽകിയിട്ടുള്ളതും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ബഡ്ജറ്റ് വിഹിതത്തിന്റെ 12 ശതമാനം നീക്കിവച്ചിരിക്കുന്നതും എടുത്തുപറയേണ്ട കാര്യങ്ങളാണ്. പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിക്കൊണ്ടിരിക്കുന്നതും ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിയതും ഹരിതകേരളം പദ്ധതിയുമെല്ലാം ജനങ്ങളോടുള്ള പ്രതിബദ്ധതയെയാണ് സൂചിപ്പിക്കുന്നത്.

ശ്രീ. അനിൽ അക്കര: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് സ്ത്രീ സുരക്ഷയെക്കുറിച്ചാണ് പറഞ്ഞിരുന്നതെങ്കിൽ ഇന്ന് സ്ത്രീകൾക്കും കുട്ടികൾക്കും യാതൊരു സുരക്ഷിതത്വവും ഇല്ലാത്ത അവസ്ഥയാണുള്ളത്. വികസനോന്മുഖമായ കാഴ്ചപ്പാടില്ലാതെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്.

ശ്രീ. എൽദോ എബ്രാഹം: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ബഡ്ജറ്റിൽ ധനസമാഹരണത്തിനായി മുന്നോട്ടുവച്ച കെ.എസ്.എഫ്.ഇ.യും

കിഫ്ബിയും പുത്തൻ പ്രതീക്ഷ നൽകുന്ന ഘടകങ്ങളാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷത്തെ അഴിമതി ഭരണത്തിനെതിരെ അഴിമതി രഹിത ഭരണം കാഴ്ചവയ്ക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കുസാറ്റിലെ ബഡ്ജറ്റ് സ്റ്റഡി സെന്ററിന് കെ. എം. മാണിയുടെ പേര് നൽകാനെടുത്ത യു.ഡി.എഫ്. തീരുമാനം അപലപനീയമാണ്. ഭിന്നശേഷിക്കാർക്ക് ഉന്നത വിദ്യാഭ്യാസത്തിന് അഞ്ച് ശതമാനവും ജോലിക്ക് നാല് ശതമാനവും സംവരണം നൽകുമെന്നുള്ളതും അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് മരുന്നുവിലയുടെ പത്ത് ശതമാനം മാത്രം നൽകിയാൽ മതിയെന്നുമുള്ള തീരുമാനം സ്വാഗതാർഹമാണ്. വിദ്യാഭ്യാസ വായ്പയെടുത്ത് ജപ്തി നടപടികൾ നേരിടുന്നവർക്കായി എഡ്യൂക്കേഷണൽ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീം നടപ്പിലാക്കുമെന്നും വായ്പ നിഷ്ക്രിയ ആസ്തിയായി മാറിയ പാവപ്പെട്ടവരുടെ വായ്പാത്തുകയുടെ 60 ശതമാനം ഗവൺമെന്റ് നൽകി വായ്പാ തിരിച്ചടവ് പൂർത്തിയാക്കുമെന്നുമുള്ള സർക്കാർ പ്രഖ്യാപനങ്ങൾ എടുത്തു പറയേണ്ട നേട്ടങ്ങളാണ്. അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് പ്രതിമാസം 3000 രൂപ പെൻഷൻ നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കണം. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽനിന്നും സ്വർണ്ണാഭരണ

വിൽപ്പനയിൽനിന്നും പരമാവധി നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് നികുതിയേതര വരുമാനം വർദ്ധിപ്പിക്കണം. സമ്പന്നർ കൂടുതൽ സമ്പന്നതയിലേയ്ക്കും ദരിദ്രർ കൂടുതൽ ദാരിദ്ര്യത്തിലേയ്ക്കും പോകുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്നതിനും പഞ്ചനക്ഷത്ര ആശുപത്രികളുടെമേൽ നിയന്ത്രണമേർപ്പെടുത്തുന്നതിനും ജനറൽ-താലൂക്ക്-മെഡിക്കൽ ആശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കേരളത്തിന്റെ ക്രമസമാധാനനില സംരക്ഷിക്കുന്നതിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലും പരാജയപ്പെട്ട ഗവൺമെന്റാണിത്. നടപടിക്രമങ്ങൾ പൂർത്തിയാകാതെ കിടക്കുന്ന വിജിലൻസ് കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജുഡീഷ്യൽ കമ്മീഷനെ നിയമിക്കണം. ടൂറിസം വകുപ്പിന് വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ന്യൂനപക്ഷ-പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ച മത്സരപരീക്ഷാ ധനസഹായം, മൺപാത്ര, കരകൗശല, ബാർബർ തൊഴിലാളി ധനസഹായങ്ങൾ, അഭിഭാഷക ഗ്രാന്റ്, വിശ്വകർമ്മ

പെൻഷൻ തുടങ്ങിയ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക ചെലവഴിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വീഴ്ച വരുത്തിയിരിക്കുകയാണ്.

ഡോ. എൻ. ജയരാജ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സെന്റർ ഫോർ സോഷ്യൽ ഇക്കണോമിക് എൺവയോൺമെന്റിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയ സാഹചര്യത്തിൽ കുസാറ്റിലെ ബഡ്ജറ്റ് സ്റ്റഡീസിനുവേണ്ടിയുള്ള ഫണ്ട് പുന:സ്ഥാപിക്കുന്നതിനെപ്പറ്റി പരിശോധിക്കണം. കിഫ്ബിയിൽ പറഞ്ഞിട്ടുള്ള പ്രോജക്ടുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കാൻ തയ്യാറാകണം. കേരള സൈക്കോ സോഷ്യൽ കൗൺസിലേഴ്സിന്റെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ബി. ഡി. ദേവസ്സി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ബഡ്ജറ്റിൽ പരാമർശിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകണം. വിവിധ കമ്മിറ്റികളുടെ രൂപീകരണത്തിനുള്ള കാലതാമസം ഒഴിവാക്കണം. അർഹതപ്പെട്ട

എല്ലാവരേയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും രോഗികൾക്കും വികലാംഗർക്കും ആധാർ കാർഡ് നൽകുന്നതിനും നടപടി സ്വീകരിക്കണം. ഭക്ഷ്യസുരക്ഷാ നിയമം, കസ്തൂരി രംഗൻ റിപ്പോർട്ട്, വെടിക്കെട്ട് നിയന്ത്രണം ഇവയൊക്കെ ഭരണപക്ഷത്തിന്റെ തലയിൽ വച്ചുകെട്ടുന്നത് വിരോധാഭാസമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള ഇച്ഛാശക്തിയാണ് ബഡ്ജറ്റിലൂടെ പ്രകടമാക്കിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിനും ജില്ലകളുടേയും നിയോജകമണ്ഡലങ്ങളുടേയും പ്രത്യേക വികസനത്തിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത് അഭിനന്ദനാർഹമാണ്. നോട്ട് നിരോധനവും വരൾച്ചയും സമ്പദ്‌വ്യവസ്ഥയെ പ്രതിസന്ധിയിലാക്കിയ സാഹചര്യത്തിലും ജനങ്ങൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. റവന്യൂ കമ്മിയും പൊതുകടവും വർദ്ധിച്ചിരിക്കുന്ന കാലഘട്ടത്തിൽ രാജ്യത്തിന് പുറത്തുനിന്നും കടം വാങ്ങാതെ വിഭവ സമാഹരണം നടത്തുന്നതിനുവേണ്ടിയാണ് കിഫ്ബി ലക്ഷ്യമിടുന്നത്. കിഫ്ബി മറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്ര സർക്കാരിനും മാതൃകയാകാൻ പോകുകയാണ്. കിഫ്ബി വഴി വരുമാന വർദ്ധനവുണ്ടാകുമ്പോൾ ജീവകാരുണ്യ

പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണം. ബഡ്ജറ്റിൽ വിദ്യാഭ്യാസ ആരോഗ്യ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത് ശ്ലാഘനീയമാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് അന്നവും വസ്ത്രവും കുടിവെള്ളവും നൽകാതെയും സ്ത്രീ സുരക്ഷ പ്രഹസനമാക്കിയും നിയമവ്യവസ്ഥ അട്ടിമറിക്കുകയും ചെയ്ത ഒരു ഗവൺമെന്റാണിത്. ആന്വൽ ഫിനാൻസ് സ്റ്റേറ്റ്മെന്റിൽ കേരളത്തിന്റെ ഈ വർഷത്തെ മൊത്തം പ്ലാൻ ഏകദേശം 34,600 കോടി രൂപയും കിഫ്ബിയുടെ ഔട്ട്ലേ 40,000 കോടി രൂപയുമാണ്. കിഫ്ബി യാഥാർത്ഥ്യമാകുകയാണെങ്കിൽ കേരളം ഏറ്റവും വലിയ കടക്കെണിയിലേയ്ക്ക് പോകുമെന്ന കാര്യത്തിൽ സംശയമില്ല. കിഫ്ബിയിൽനിന്നും പണമെടുത്താൽ അത് സ്റ്റേറ്റിന്റെ പ്ലാനിനെയോ ഫിനാൻഷ്യൽ സ്റ്റെബിലിറ്റിയെയോ ബാധിക്കില്ലെന്ന് പറയുന്നത് ശരിയല്ല. വൻകിട പ്രോജക്ടുകൾക്ക് എടുക്കുന്ന കടം തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ സംസ്ഥാനം വലിയ കടക്കെണിയിലേയ്ക്ക് പോകുമെന്ന് 13-ാം ധനകാര്യ കമ്മീഷനും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയും പറഞ്ഞിട്ടും ഗവൺമെന്റ് കിഫ്ബിയുമായി മുന്നോട്ടുപോകുന്നതെന്തിനാണെന്ന് വ്യക്തമാക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ധനവിനിയോഗ ബില്ലിലൂടെ പാസ്സാക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കുന്നതാണ്. കിഫ്ബിയെടുക്കുന്ന വായ്പ തിരിച്ചടയ്ക്കാൻ നിയമംമൂലം അംഗീകരിച്ചിട്ടുള്ള വരുമാനംമാത്രം മതിയാകും. ഇതിന്റെ പ്രായോഗികമായ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാവുന്നതേയുള്ളൂ. പാരമ്പര്യമായ നിലപാടുകളെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2017-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

2017-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം 38-നെതിരെ 75 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

(ചർച്ച തുടർച്ച)

ശ്രീമതി യു. പ്രതിഭ ഹരി: മിനിമം കൂലി മേഖലയിൽ സ്ത്രീകൾക്ക് നീതി ലഭിക്കാറില്ല. തൊഴിൽ മേഖലയിൽ മാത്രമല്ല അൺഎയ്ഡഡ് മേഖലയിലും സ്ത്രീകൾക്കും പുരുഷൻമാർക്കും രണ്ടുതരത്തിലുള്ള വേതനമാണ് ലഭിക്കുന്നത്. പുതിയ തൊഴിൽ സംസ്കാരങ്ങൾ വരുമ്പോൾ ധാരാളം വെല്ലുവിളികൾ നേരിടേണ്ടിവരുന്നുണ്ട്. വലിയ സംഘർഷങ്ങളാണ് ഐ.ടി. മേഖലയിലെ ജീവനക്കാർ അനുഭവിക്കുന്നത്. തൊഴിൽ മേഖലയിൽ സ്ത്രീ സാന്നിദ്ധ്യം കുറഞ്ഞുവരുന്നതിനാൽ നിയമങ്ങളിൽ കാലോചിതമായ മാറ്റം

അത്യാവശ്യമാണ്. ശമ്പള വർദ്ധനവുകൊണ്ടുമാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. മിനിമം വേതനം ഉറപ്പാക്കണം. കയർ, കശുവണ്ടി, ശുചീകരണ മേഖലകളിൽ തുച്ഛമായ വേതനത്തിലാണ് തൊഴിലാളികൾ പണിയെടുക്കുന്നത്. കാലാനുസൃതമായ മാറ്റം കേരളത്തിൽ വരുന്നുണ്ടെങ്കിൽപ്പോലും അവരുടെ ജീവിതച്ചെലവിനനുസരിച്ച് കൂലിയിൽ മാറ്റം വരുന്നില്ല. തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ചുരുങ്ങിയ സമയംകൊണ്ട് ഈ ഗവൺമെന്റ് ഒട്ടേറെ നടപടികളെടുത്തിട്ടുണ്ട്. ഡീ-മോണിറ്ററൈസേഷന്റെ ഭാഗമായി പലർക്കും തൊഴിൽ ഉപേക്ഷിക്കേണ്ടിവന്നു. അതിനാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി മിനിമം കൂലി നടപ്പാക്കാൻ ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുണ്ടാകണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>) : 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്ടിൻകീഴിലുള്ള അവകാശ തർക്കങ്ങൾ തീരുമാനിക്കുന്നതിന് നിലവിൽ തൊഴിൽ കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഏതെങ്കിലും സ്റ്റേറ്റ് ഗവൺമെന്റ് ഉദ്യോഗസ്ഥൻ തീർപ്പ് കൽപ്പിക്കുന്നതിനുപകരം വേഗതയിൽ നീതി ഉറപ്പാക്കുന്നതിനായി ഡെപ്യൂട്ടി തൊഴിൽ കമ്മീഷണറുടെ

പദവിയിൽ കുറയാത്ത ഏതെങ്കിലും സ്റ്റേറ്റ് ഗവൺമെന്റ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയാണ് ഈ ഭേദഗതിയിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. അതിനായി പതിനാല് ജില്ലകളിലായി ഏഴ് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ ചുമതലപ്പെടുത്തുന്നതാണ്. മിനിമം വേതനം നിഷേധിക്കുന്നവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് സാധിക്കത്തക്ക രീതിയിലാണ് നിയമം ആവിഷ്കരിച്ചിരിക്കുന്നത്. മിനിമം വേതനത്തിനുവേണ്ടിയുള്ള പോരാട്ടം ശക്തിപ്പെടുത്താൻ ഈ നിയമഭേദഗതി ഒരു പരിധിവരെ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(iii) <u>2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി</u>

<u>ക്ഷേമനിധി (ഭേദഗതി) ബിൽ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>) : 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>) : 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട ആക്ടിന്റെ 3-ാം വകുപ്പിലെ (4)-ാം ഉപവകുപ്പിൽ (എഫ്) ഖണ്ഡത്തിനുശേഷം (ജി), (എച്ച്) എന്നീ ഖണ്ഡങ്ങൾ ചേർക്കുന്നതുമായി ബന്ധപ്പെട്ട ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.03.2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അസംഘടിതരായ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പുവരുത്താൻ ക്ഷേമനിധികൾ മുഖേന സാധിച്ചിട്ടുണ്ട്. പകലന്തിയോളം പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾക്കും ചൂഷണങ്ങൾക്കും പരിഹാരമുണ്ടാകണം. തൊഴിലെടുക്കുന്നവരുടെ എണ്ണം കുറച്ചുകാണിക്കുകയും ക്ഷേമനിധി വിഹിതം അടയ്ക്കാതിരിക്കുകയും ചെയ്യുന്ന സമീപനമാണ് ചില സ്ഥാപന ഉടമകൾ തുടരുന്നത്. ഉടമയുടെ താല്പര്യത്തിന് വിധേയമായി തൊഴിലാളി വിരുദ്ധ നിലപാട് സ്വീകരിക്കുന്ന ഉദ്യോഗസ്ഥ മനോഭാവത്തിൽ മാറ്റമുണ്ടാകണം. നിലവിലുള്ള

തൊഴിൽ നിയമങ്ങൾ കുത്തകകൾക്കനുകൂലമായി പരിഷ്കരിക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുമ്പോൾ തൊഴിലാളിക്ഷേമം മുൻനിർത്തിയുള്ള പദ്ധതികൾ ആവിഷ്കരിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. ക്ഷേമനിധി നടത്തിപ്പിലെ പോരായ്മകൾ പരിഹരിച്ച് തൊഴിലാളി താല്പര്യം സംരക്ഷിക്കാൻ സർക്കാരിന് സാധിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: 2016-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളിക്ഷേമം മുൻനിർത്തി കൊണ്ടുവന്നിരിക്കുന്ന ഭേദഗതികളെ സ്വാഗതം ചെയ്യുന്നു. നിയമനിർമ്മാണങ്ങളിലെ അവ്യക്തതകൾ പലപ്പോഴും സുപ്രീം കോടതിവരെ എത്തുന്ന വ്യവഹാരങ്ങൾക്ക് വഴി തെളിക്കുന്നുണ്ട്. കൂടുതൽ ദീർഘവീക്ഷണത്തോടും സൂക്ഷ്മതയോടും കൂടി നിയമനിർമ്മാണവേളയിൽ ഇടപെടാൻ സാമാജികർക്ക് സാധിക്കണം. മറ്റ് തൊഴിൽ തേടിപ്പോകുന്ന തൊഴിലാളികൾക്ക് രണ്ടു വർഷത്തെ കാലാവധി പൂർത്തിയാക്കിയില്ലെന്ന കാരണത്താൽ അടച്ച പണം തിരികെ നൽകാതിരിക്കുന്നത് നിയമവിരുദ്ധമായതിനാൽ ആ നിബന്ധന ഒഴിവാക്കേണ്ടതാണ്. ക്ഷേമനിധി അംഗത്വം തുടരാൻ ആഗ്രഹിക്കുന്നില്ലെന്ന് ഒരംഗം ബോർഡിനെ അറിയിച്ചാൽ

അതുവരെ അടച്ച പണം അദ്ദേഹത്തിന് തിരികെ നൽകാൻ കഴിയുന്ന രീതിയിൽ ബില്ലിലെ വ്യവസ്ഥയിൽ ഭേദഗതി വരുത്തണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ച നിയമപരമായി നിലനിൽക്കുന്ന നൂതനാശയങ്ങൾ വിശദമായി ചർച്ച ചെയ്യാൻ സബ്ജക്ട് കമ്മിറ്റിയിൽ അവസരമുണ്ട്. എല്ലാ മേഖലയിലും പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളും മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വന്നിട്ടില്ല. ക്ഷേമനിധി ബോർഡുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിന് വിശദമായ ചർച്ച ആവശ്യമാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2016 -ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(iv) 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 1951-ലാണ് ശമ്പളവും ബത്തകളും നൽകൽ ആക്ട് ആദ്യമായി പാസ്സാക്കിയത്. എം.എൽ.എ.-മാരുടെ വാഹന വായ്പയും ഭവനനിർമ്മാണ വായ്പയും സ്റ്റാഫ് അലവൻസും നൽകുന്നതിന് ഒറിജിനൽ ആക്ടിൽ വ്യവസ്ഥയില്ലായിരുന്നു. 01.04.2012-ലെ ഭേദഗതി നിയമമനുസരിച്ചാണ് പ്രസ്തുത ആവശ്യങ്ങൾക്കായി

ആക്ടിൽ ഭേദഗതി വരുത്തിയത്. ഓരോ അംഗത്തിന്റേയും രണ്ടു സ്റ്റാഫുകളിൽ ഓരോരുത്തർക്കും പ്രതിമാസം നൽകുന്ന സ്റ്റാഫ് ബത്ത 20,000 രൂപയായും സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരൊഴികെയുള്ള നിയമസഭാ സാമാജികർക്ക് നൽകുന്ന പലിശ രഹിത വാഹന വായ്പ 10 ലക്ഷം രൂപയായും ഭവന നിർമ്മാണ വായ്പ 20 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## VII റൂളിംഗ്

### 9-03-2017-ന് മുഖ്യമന്ത്രി സഭയിൽ നടത്തിയ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ: 2017 മാർച്ച് 9-ാം തീയതി അടിയന്തരപ്രമേയാവതരണവുമായി ബന്ധപ്പെട്ട മറുപടി പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ ചട്ടം 307 പ്രകാരം രേഖയിൽനിന്ന് നീക്കംചെയ്യണമെന്ന് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി

നടത്തിയ പരാമർശം പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് 09-03-2017, 10-03-2017 എന്നീ തീയതികളിൽ പ്രതിപക്ഷം സഭ ബഹിഷ്ക്കരിക്കുകയുമുണ്ടായി.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണവും ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഭിപ്രായങ്ങളും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. മുഖ്യമന്ത്രി രാഷ്ട്രീയമായ ഒരു അഭിപ്രായം സംശയരൂപേണ പ്രകടിപ്പിക്കുകമാത്രമാണ് ഉണ്ടായതെന്നാണ് ചെയറിന് ബോധ്യപ്പെട്ടത്. പ്രസ്താവനയുടെ നിജസ്ഥിതി സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് വിശദീകരിക്കാൻ അവസരം ലഭ്യമായിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷനേതാവ് തന്റെ ഭാഗം ഭംഗിയായി വിശദീകരിച്ചതായും ചെയർ മനസ്സിലാക്കുന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 307 പ്രകാരം അപകീർത്തികരമായിട്ടുള്ളതോ അൺപാർലമെന്ററി ആയിട്ടുള്ളതോ ആയ പരാമർശങ്ങളെന്ന ഗണത്തിൽപ്പെടുത്താവുന്നവയല്ല മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. എന്നാൽ പ്രതിപക്ഷനേതാവിന്റെ വാചകം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഇതിനെ താരതമ്യം ചെയ്യുന്നതിൽ യുക്തിരാഹിത്യമുണ്ട്. ഈ സഭാതലത്തിൽനിന്നും പുറത്തേയ്ക്ക് വമിക്കുന്ന ആശയങ്ങളോ വാദമുഖങ്ങളോ പൊതുസമൂഹത്തിൽ, തെറ്റിദ്ധാരണയോ കുപ്രചരണത്തിന് സാധ്യതയുണ്ടാക്കുന്നതോ, അതുവഴി

സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിക്കാൻ കഴിയുന്നതോ ആകരുതെന്ന് ചെയറിന് നിർബന്ധമുണ്ട്. ഒരുപക്ഷെ, പ്രതിപക്ഷനേതാവ് ഉദ്ദേശിക്കാത്ത അർത്ഥംപോലും വ്യാഖ്യാനിക്കപ്പെടാനുള്ള സാഹചര്യം ഒഴിവാക്കേണ്ട ചുമതല ചെയറിനുണ്ട്. ചെയർ നൽകിയ ഒരു റൂളിംഗിനെ സംബന്ധിച്ച് വീണ്ടും വിശദീകരണം നൽകാറില്ലെങ്കിലും ആവർത്തിച്ച് ഇക്കാര്യം ഉന്നയിക്കപ്പെട്ടതിനാലാണ് ഇതുസംബന്ധിച്ച് ചില കാര്യങ്ങൾ പറയാൻ ശ്രമിച്ചത്. രാഷ്ട്രീയമായ വിമർശനങ്ങൾക്കും ആരോപണങ്ങൾക്കും രാഷ്ട്രീയമായി സഭയിൽ മറുപടി പറയാൻ അവസരമൊരുക്കുക എന്ന ദൗത്യമാണ് ചെയറിനുള്ളത്. രാഷ്ട്രീയ അഭിപ്രായങ്ങളെല്ലാം സഭാരേഖയിൽനിന്നും നീക്കം ചെയ്യുന്ന കീഴ്വഴക്കം ഇതുവരെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം സഭാരേഖയിൽനിന്നും നീക്കം ചെയ്യേണ്ടതില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

സഭ ഉച്ചയ്ക്കുശേഷം 2.44 -ന് പിരിഞ്ഞു.

*************